**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1021** **07-12-2022 - ൽ മറുപടിയ്ക്ക്**

**പഴശ്ശി കാനന പാത സംരക്ഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നരിക്കോട് -മാനന്തവാടി കാനനപാത (പഴശ്ശി ട്രെക്ക്പാത്ത്) ചരിത്ര പാതയായി സംരക്ഷിക്കുന്നതിനും പുതുതലമുറയ്ക്ക് ചരിത്രാവബോധം പകരാനുമുള്ള അവസരമൊരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | നരിക്കോട്-മാനന്തവാടി കാനനപാത (പഴശ്ശി ട്രെക്ക്പാത്ത്) നിലവിൽ ടൂറിസം സർക്യൂട്ടിൽ വരുന്നതല്ല. നോർത്ത് വയനാട്, കണ്ണൂർ ഡിവിഷനുകളിൽ കൂടിയാണ് പ്രസ്തുത പാത കടന്നുപോകുന്നത്. ഇതിൽ നോർത്ത് വയനാട് ഡിവിഷനിൽ വരുന്ന മാനന്തവാടി മുതൽ 28-ാം മൈൽ വരെയുള്ള ഭാഗം പൊതുഗതാഗത സൗകര്യമുള്ള പി.ഡബ്ല്യു.ഡി റോഡായി വികസിച്ച് കഴിഞ്ഞിട്ടുള്ളതാണ്. 28-ാം മൈൽ മുതൽ നരിക്കോട് വരെയുള്ള 15 കി.മീറ്റർ വരെയുള്ള കണ്ണൂർ ഡിവിഷനിലെ കണ്ണവം റെയിഞ്ചിന്റെ പരിധിയിൽ അഗാധവും, അതിനിബിഢവും, വന്യജീവി സാന്നിധ്യമേറിയതുമായ റിസർവ്വ് വനത്തിനുള്ളിൽ കൂടിയുള്ള ദുർഘടമായ നടപ്പാതയും അറ്റകുറ്റപ്പണികൾ ചെയ്ത് സംരക്ഷിച്ചുവരുന്നതുമാണ്. |
| (ബി) | പ്രസ്തുത കാനനപാത പഴശ്ശി ട്രെക്ക്പാത്ത് എന്ന പേരിൽ വനം വകുപ്പ് സംരക്ഷിക്കുകയോ, പരിപാലിക്കുകയോ ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | 28-ാം മൈൽ മുതൽ നരിക്കോട് വരെയുള്ള 15 കി.മീറ്റർ കാനനപാത സംരക്ഷണ പ്രവർത്തനങ്ങൾക്കായി കണ്ണൂർ ഡിവിഷനിലെ കണ്ണവം റെയിഞ്ചിനു കീഴിൽ സംരക്ഷിച്ച് പരിപാലിച്ച് വരുന്നുണ്ട്. |
| (സി) | പ്രസ്തുത പാതയുടെ നിലവിലെ സ്ഥിതി എന്താണെന്നും ആയത് പഴശ്ശി ട്രെക്ക്പാത്തായി സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ? | (സി) | പ്രസ്തുത പാതയുടെ മാനന്തവാടി മുതൽ 28-ാം മൈൽ വരെയുള്ള ഭാഗം നിലവിൽ പി.ഡബ്ല്യു.ഡി റോഡാണ്. 28-ാം മൈൽ മുതൽ നരിക്കോട് വരെയുള്ള 15 കി.മീറ്റർ കാനനപാത അതിനിബിഢവും വന്യമൃഗ സാന്നിധ്യമേറിയതുമായ ഉൾവനത്തിൽ കൂടെയാണ് കടന്നു പോകുന്നത്. കാനനപാത കണ്ണൂർ ഡിവിഷനിലെ കണ്ണവം റെയിഞ്ചിനു കീഴിൽ സംരക്ഷിച്ച് പരിപാലിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ